## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 332 — 31/01/2014-ൽ മറുപടിക്ക്

### ആദിവാസികളുടെ ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ. ദാസൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) | ആദിവാസികൾക്ക് വനാവകാശ നിയമമനുസരിച്ച് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ഇല്ല. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമമനുസരിച്ച് വ്യക്തിഗത അവകാശങ്ങൾക്ക് വേണ്ടി ഗ്രാമസഭ അംഗീകരിച്ച് ലഭിച്ച 32468 അപേക്ഷകളിൽ 24592 കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. 4173 അപേക്ഷകൾ സൂക്ഷ്മ പരിശോധനയിൽ അർഹതയില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ജില്ലാ തല കമ്മിറ്റികളും സബ്ഡിവിഷണൽ തല കമ്മിറ്റികളും നിരസിക്കുകയുണ്ടായി. ശേഷിച്ച 3703 അപേക്ഷകളിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി ഫോട്ടോ ശേഖരിച്ച് കൈവശാവകാശ രേഖ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br><br>സാമൂഹ്യ അവകാശങ്ങൾ സംബന്ധിച്ച് ഗ്രാമസഭ അംഗീകരിച്ച് ലഭിച്ച 494 അപേക്ഷകളിൽ 201 എണ്ണം സബ്ഡിവിഷണൽ തല കമ്മിറ്റികൾ പാസ്സാക്കിയപ്പോൾ ടി കമ്മിറ്റി 15 എണ്ണം നിരസിച്ചു. ജില്ലാ തല കമ്മിറ്റികൾ 110 എണ്ണം പാസ്സാക്കുകയും 5 എണ്ണം നിരസിക്കുകയും ചെയ്തു. സാമൂഹ്യാവകാശങ്ങളിൽ 278 അപേക്ഷകൾ സബ്ഡിവിഷണൽ തല കമ്മിറ്റികളിലും 86 എണ്ണം ജില്ലാ തല കമ്മിറ്റികളിലും പരിഗണനയിലാണ്. വികസന ആവശ്യങ്ങൾക്കായി 667 അപേക്ഷകൾ ലഭിച്ചതിൽ ഗ്രാമസഭ അംഗീകരിച്ച് ലഭിച്ച 575 അപേക്ഷകൾ വനം വകുപ്പിന് സമർപ്പിക്കുകയും തൃശ്ശൂർ ജില്ലയിൽ 8 അപേക്ഷകൾക്ക് മേൽ അവകാശം നൽകുകയുമുണ്ടായി. അവശേഷിച്ച അപേക്ഷകൾ വനം വകുപ്പിന്റെ പരിഗണനയിലാണ്. |
| ബി | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ബി | ബാധകമല്ല. |
| സി) | ആദിവാസികളുടെ കൈവശഭൂമി സർവ്വേ ചെയ്തു കിട്ടാത്തതിനെക്കുറിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി & ഡി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയിൽ കൂടുതലും വനാവകാശവുമായി ബന്ധപ്പെട്ട അപേക്ഷകളാണ്. വനാവകാശ സർവ്വേയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം. കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി. വയനാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ വനാവകാശ സർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| ഡി | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ